**മധുരമായ കുട്ടികളേ, നിങ്ങൾക്ക് തന്റെ ഭാഗ്യത്തെ വജ്രസമാനമാക്കണം, പുരുഷാർത്ഥം ചെയ്ത് ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ പൂർണ്ണമായ സമ്പത്ത് നേടണം.**

**ചോദ്യം -** ഏതൊരു രഹസ്യം യുക്തിയുക്തമായി ബുദ്ധിയിൽ ഇരിക്കുകയാണെങ്കിൽ അപാര സന്തോഷത്തിൽ കഴിയാം?

**ഉത്തരം -** ഡ്രാമയുടെ. ഈ ഡ്രാമയിൽ ഓരോ അഭിനേതാവിനും അവിനാശിയായ പാർട്ട് ലഭിച്ചിട്ടുണ്ട്, അത് അഭിനയിക്കുക തന്നെ വേണം. ആരുടേയും പാർട്ടിനെ മാറ്റാനോ ഇല്ലാതാക്കാനോ സാധിക്കില്ല. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായി കൊണ്ടിരിക്കുന്നതുമായ.......ഇതിൽ മാറ്റമൊന്നും ഉണ്ടാകില്ല. കല്പം പൂർത്തിയായാൽ വീണ്ടും അതേ പാർട്ട് അനുനിമിഷം അതു പോലെ ആവർത്തിക്കപ്പെടും. ഈ വലിയ രഹസ്യം യുക്തിയുക്തമായി ബുദ്ധിയിൽ ഇരിക്കുകയാണെങ്കിൽ സന്തോഷം ഉണ്ടാകും. ഇല്ലെങ്കിൽ ആശയക്കുഴപ്പത്തിൽ വരും. ബാബ പറയുന്നു കുട്ടികളേ സംശയിക്കരുത്. ബാബയിൽ നിശ്ചയം വെച്ച് പൂർണ്ണമായ സമ്പത്ത് നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

**ഗീതം -** അങ്ങയെ നേടിയ ഞങ്ങൾക്ക്.......

**ഓം ശാന്തി**. മധുര-മധുരമായ ഈശ്വരീയ കുട്ടികൾ ഗീതം കേട്ടോ. ഡ്രാമ അനുസരിച്ച് നിങ്ങൾ ഇപ്പോൾ ഈശ്വരന്റെ കുട്ടികളായിരിക്കുകയാണ് എന്ന് മനസ്സിലാക്കാൻ കഴിയും. ഈശ്വരനിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകാൻ വന്നിരിക്കുകയാണ് അഥവാ സ്വരാജ്യം നേടാൻ വന്നിരിക്കുകയാണ്. നരകത്തിലെ മനുഷ്യർക്ക് സ്വർഗ്ഗം എന്താണ് എന്നതു പോലും അറിയില്ല. നിങ്ങൾക്ക് അറിയാം ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. പിന്നെ രാവണൻ നരകത്തിന്റെ സ്ഥാപനയും ചെയ്യും. ഇതും ആർക്കും അറിയില്ല. നിങ്ങൾക്ക് അറിയാം നമ്മൾ ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ രാജ്യാധികാരം നേടുകയാണ്. എപ്പോഴാണോ മനുഷ്യർ മരിക്കുന്നത് അപ്പോൾ അവർ സ്വർഗ്ഗത്തിലേക്ക് പോയി എന്നാണ് പറയാറുള്ളത്. അതിന്റെ അർത്ഥമാണ് ഞങ്ങൾ നരകത്തിലാണെന്നും അതോടൊപ്പം എല്ലാവരും നരകത്തിന്റെ അധികാരികളാണ്. ഇത് തീർത്തും സഹജമായ കാര്യമാണ്, സംശയിക്കേണ്ട കാര്യമില്ല. നിങ്ങളുടെ ഭാഗ്യം ഇപ്പോൾ വജ്ര സമാനമായി മാറിയിരിക്കുകയാണ്. വജ്ര സമാനമായ ഭാഗ്യം ബാബക്കല്ലാതെ ആർക്കും നൽകാൻ സാധിക്കില്ല. നിങ്ങൾക്ക് അറിയാം ബാബയിലൂടെ നമുക്ക് സ്വർഗ്ഗത്തിന്റെ സമ്പത്താണ് ലഭിക്കുന്നത്. നരകം എത്ര സമയമുണ്ടാകും, ഇത് ആർക്ക് മനസ്സിലാക്കി കൊടുത്താലും അവർ സത്യയുഗം പോലും ലക്ഷകണക്കിനു വർഷമാണെന്ന് പറയും. നിങ്ങൾ ഗോഡ് ഫാദറിന്റെ വിദ്യാർത്ഥികളാണ്. ഗോഡ് ഫാദറിലൂടെ സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടുകയാണ്. പിന്നെ എങ്ങനെയാണ് ബാബയെ മറക്കുന്നത് - ഇതാണ് ബാബക്ക് മനസ്സിലാകാത്തത്. ധാരാളം കൊടുങ്കാറ്റ് വരും. പരിശ്രമം കൂടാതെ നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ അധികാരിയാകാൻ കഴിയില്ലല്ലോ. ആരെങ്കിലും മരിച്ചാൽ സ്വർഗ്ഗവാസിയായി എന്നാണ് പറയാറുള്ളത്. പിന്നെ എന്തിനാണ് കരയുന്നത്? നിങ്ങൾ കൈകൾ കൊട്ടണം, സന്തോഷം ആഘോഷിക്കണം. അഥവാ സ്വർഗ്ഗത്തിലേക്ക് പോകുന്നത് ഇത്രയും സഹജമായ കാര്യമാണെങ്കിൽ എല്ലാവരേയും വെടി വെച്ചാൽ സ്വർഗ്ഗത്തിൽ എത്തിച്ചേരുമല്ലോ. പിന്നെ ഇവിടെ ഈ ദു:ഖത്തിൽ കഴിയേണ്ട കാര്യം എന്താണ്. ദു:ഖം കൊണ്ട് വിഷം പോലും കഴിച്ച് മനുഷ്യർ മരിക്കാറുണ്ട്. എത്ര പടയാളികളാണ് മരിക്കുന്നത്. പരസ്പരം കൊല്ലുന്നുമുണ്ട്. ബാബ പറയുന്നു - എല്ലാവർക്കും മനസ്സിലാക്കി കൊടുക്കൂ ആ ആത്മാവ് സ്വർഗ്ഗത്തിലേക്കാണ് പോയതെങ്കിൽ നിങ്ങൾ എന്തിനാണ് കരയുന്നത്? വാസ്തവത്തിൽ ആർക്കും സ്വർഗ്ഗത്തിലേക്ക് പോകാൻ സാധിക്കില്ല, തിരിച്ച് നിർവ്വാണധാമത്തിലേക്കും പോകാൻ സാധിക്കില്ല. ഇപ്പോൾ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനുള്ള ഉപായം ബാബയാണ് പറഞ്ഞു തരുന്നത്. സ്വർഗ്ഗത്തിന്റെ രചയിതാവ് എപ്പോഴാണോ സ്വർഗ്ഗം രചിച്ചത് അപ്പോഴല്ലേ പോകാൻ സാധിക്കുക. ഇപ്പോൾ സ്വർഗ്ഗത്തിന്റെ രചയിതാവായ ബാബ വന്നിരിക്കുകയാണ്. ഇതും നിങ്ങൾ കുട്ടികൾക്ക് അറിയാം എപ്പോഴാണോ രാവണ രാജ്യം ആരംഭിച്ചത് അപ്പോഴാണ് ദേവിദേവതകൾ വാമ മാർഗ്ഗത്തിലേക്ക് പോകുന്നത്. ആ സമയം മുതൽ വികാരവും ആരംഭിക്കും. രാവണ രാജ്യം എപ്പോഴാണ് ആരംഭിച്ചത്, അതിനുള്ള ദിവസം നിശ്ചയിക്കപ്പെട്ടിട്ടില്ല. നിങ്ങൾ കുട്ടികൾക്ക് ഇത് ഒരിക്കലും പറയാൻ കഴിയില്ല - എപ്പോഴാണ് ബാബ ബ്രഹ്മാവിൽ പ്രവേശിച്ചത്. എപ്പോൾ സാക്ഷാത്കാരം ഉണ്ടായോ അപ്പോഴാണോ അതോ എപ്പോൾ ആണ്? സാക്ഷാത്കാരമാണെങ്കിൽ ഭക്തിമാർഗ്ഗത്തിലും ഇങ്ങനെ തന്നെ ഉണ്ടാകുന്നുണ്ട്. ബാബ ഏത് സമയത്ത് വന്നു എന്നതും അറിയില്ല. കൃഷ്ണൻ വന്നതിന്റെ സമയം കാണിച്ചിട്ടുണ്ട്. ശിവബാബ വന്നതിന്റെ സമയമൊന്നും ഇല്ല. ബാബ അധികാരിയാണ്. ബാബ എപ്പോഴാണ് വരുന്നത് ഇത് അറിയുന്നില്ല. ഇവിടെ മുരളിയിലൂടെ മനസ്സിലാക്കുന്നു.

ബാബ മനസ്സിലാക്കി തരുന്നു ഞാൻ കാലന്റേയും കാലനാണ്. ഞാൻ എല്ലാവരേയും തിരിച്ച് കൊണ്ടു പോയിരുന്നു. സത്യയുഗത്തിൽ കുറച്ചു പേരെ ഉണ്ടായിരുന്നുള്ളൂ. കലിയുഗത്തിൽ എത്രയധികം മനുഷ്യരാണ്. എല്ലാ ആത്മാക്കൾക്കും തിരിച്ച് പോകണം, കൊണ്ടു പോകുന്ന വഴികാട്ടിയും ആവശ്യമാണ്. ഞാൻ ആത്മീയ വഴികാട്ടി ആയി വന്നിരിക്കുന്നു, നിങ്ങളെ കൊണ്ടു പോകും. പുതിയ ലോകത്തിലേക്ക് വേണ്ടി നിങ്ങളെ പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. നരകം സ്വർഗ്ഗം എന്താണ്, എത്ര സമയം നിലനിൽക്കുന്നുണ്ട്, എപ്പോഴാണ് ആരംഭിക്കുന്നത്. സന്യാസിമാർക്ക് ഇത് അറിയില്ല. രചയിതാവും ഒന്നാണ്, സൃഷ്ടിയും ഒന്നാണ്. അനേകം ലോകങ്ങളെ കുറിച്ച് ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്, അതിനെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഓരോ നക്ഷത്രങ്ങളിലും ലോകമുണ്ട് എന്ന് മനസ്സിലാക്കുന്നു. ബാബ പറയുന്നു ഞാൻ വീണ്ടും നിങ്ങൾക്ക് ഗീതാ ജ്ഞാനം കേൾപ്പിക്കുന്നു. ക്രിസ്തുവിന് വീണ്ടും തന്റെ സമയത്ത് വരണം. ഡ്രാമ ഒന്നാണ് ഉള്ളത്. സത്യയുഗത്തിൽ ദേവി ദേവതാ രാജ്യമല്ലാതെ വേറെയൊന്നും ഇല്ല. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ബാബയിൽ നിന്നും സമ്പത്തെടുക്കുകയാണ്. അല്ലയോ പതിത പാവനാ വരൂ എന്ന് ഓർമ്മിക്കുന്നുണ്ട്. അപ്പോൾ തീർച്ചയായും സംഗമത്തിൽ തന്നെ വരേണ്ടി വരും. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ എന്തിനാണ് വന്നിരിക്കുന്നത്? എന്ത് എടുക്കാനാണ് വന്നിരിക്കുന്നത്? നിങ്ങൾ പറയും നമ്മൾ ബാബയിൽ നിന്നും സമ്പത്തെടുക്കാൻ വന്നിരിക്കുകയാണ്. നമ്മൾ രാജയോഗം അഭ്യസിക്കുകയാണ്. കല്പകല്പം സമ്പത്ത് എടുക്കും അതോടൊപ്പം നഷ്ടപ്പെടുത്തുകയും ചെയ്യും. ഇപ്പോൾ വീണ്ടും പുരുഷാർത്ഥം ചെയ്യണം. പൂർണ്ണമായ ജ്ഞാനം എടുത്ത് മറ്റുള്ളവർക്ക് കൊടുക്കണം. ഇല്ലെങ്കിൽ അത് വർദ്ധിക്കും. ഗീതം എത്ര നല്ലതാണ്. ഇതിന്റെ അർത്ഥം നിങ്ങൾ കുട്ടികളാണ് മനസ്സിലാക്കുക. ഗീതം എത്ര മധുരമാണ്. നിങ്ങളുടെ ഹൃദയത്തിന് ഇഷ്ടപ്പെടും. ആർക്കും തട്ടിയെടുക്കാൻ കഴിയാത്ത രാജ്യമാണ് ബാബയിൽ നിന്നും നേടുന്നത്. ഇതാണ് അവിനാശിയായ സമ്പത്ത്, അവിനാശിയായ ബാബയിലൂടെയാണ് ലഭിക്കുന്നത്. അനാദി വിശ്വത്തിന്റെ ഡ്രാമ അനുസരിച്ച് അഥവാ ഗീതയുടെ കഥ അനുസരിച്ച് വീണ്ടും ബാബ ഗീത കേൾപ്പിക്കാൻ വരുകയാണ്, അപ്പോഴാണ് രാജയോഗം പഠിപ്പിച്ചത്. ശാസ്ത്രങ്ങളിൽ തല തിരിച്ച് കാണിച്ചിട്ടുണ്ട്. യുക്തിയോടെ മനസ്സിലാക്കി കൊടുക്കുന്നവരും വേണം. ചിലർ പറയാറുണ്ട് ജ്യോതി ജ്യോതിയിൽ പോയി ലയിച്ചു. ആത്മാവ് അവിനാശിയാണ്. ആത്മാവിനും അവിനാശിയായ പാർട്ട് അഭിനയിക്കണം, ആത്മാവിന്റെ പാർട്ട് മാറ്റാൻ ആർക്കും കഴിയില്ല, ആർക്കും ഇല്ലാതാക്കാനും കഴിയില്ല. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ .....ഇതിൽ ഒരു മാറ്റവും വരില്ല. എത്ര അത്ഭുതമാണ്. ഇത്രയും ചെറിയ ആത്മാവിൽ അവിനാശിയായ പാർട്ട് നിറഞ്ഞിട്ടുണ്ട്. കല്പം പൂർത്തിയായാൽ വീണ്ടും പാർട്ട് ആവർത്തിക്കപ്പെടും. സെക്കന്റ് ബൈ സെക്കന്റ് അതു പോലെ തന്നെ ആവർത്തിക്കപ്പെടും. ഡ്രാമയേയും പൂർണ്ണമായും യുക്തിയുക്തമായി മനസ്സിലാക്കണം. ചിലർക്ക് ഈ കാര്യങ്ങളിൽ സംശയം വരും. ആദ്യം ബാബയിൽ നിശ്ചയം വേണം അതായത് ബാബയിൽ നിന്നും നമുക്ക് സമ്പത്തെടുക്കണം. കല്പകല്പം ഭാരതത്തിനു തന്നെ ലഭിക്കും. 84 ജന്മങ്ങളും എടുക്കണമല്ലോ. വർണ്ണങ്ങളെ കുറിച്ചും മനസ്സിലാക്കി കൊടുക്കണം. പരിധിയില്ലാത്ത ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്തെടുക്കണം എന്ന സ്മൃതി പരസ്പരം നൽകണം. എല്ലാവരും വന്ന് പഠിക്കില്ല. കാണുന്നുണ്ട് സേവാകേന്ദ്രങ്ങൾ തുറക്കുന്നുണ്ട്, അവിടെ വന്ന് നരകവാസികൾ സ്വർഗ്ഗവാസിയാകുന്നു. ബാബക്ക് എഴുതുന്നുണ്ട് ഞങ്ങൾ അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാം. എനിക്ക് ഒരു വസ്തുവിനോടും മമത്വം ഇല്ല. ഇതെല്ലാം ഈശ്വരാർത്ഥമാണ്. ഇനി അങ്ങ് നിർദ്ദേശം നൽകണം. ഞാനും എഴുതുകയാണ്, പരസ്പരം അഭിപ്രായം ചോദിച്ചോളൂ, ഏതാണോ നല്ല സ്ഥലം, അവിടെ പോയി സേവാകേന്ദ്രം തുറന്നോളൂ. നിങ്ങൾക്ക് ധൈര്യം വേണം സഹായം ബാബ നൽകും. ബാബ എത്ര സന്തോഷിക്കുന്നുണ്ട്. മനസ്സിനു തോന്നുകയാണ് ഇങ്ങനെയുള്ള ദാനമാണ് നൽകുന്നത്, അനേകരെ കക്കയിൽ നിന്നും വജ്രമാക്കണം. ഇത് വളരെ വലിയതിലും വലിയ ആശുപത്രിയാണ്, കോളേജുമാണ്. കേവലം 3 അടി മണ്ണ് ആവശ്യമാണ്. എത്ര സഹജമായ രീതിയിലാണ് ബാബ കക്കയെ വജ്രമാക്കുന്നത്. ബാബയെ നോക്കൂ എത്ര സാധാരണമാണ്. എവിടെയാണ് വന്നിരിക്കുന്നത്, ഏതെങ്കിലും രാജാവിന്റെ അടുത്ത് എന്താണ് വരാതിരുന്നത്. പറയുകയാണ് ഞാൻ സാധാരണ വൃദ്ധ ശരീരത്തിലാണ് വരുന്നത്, ആ ആത്മാവാണ് പൂർണ്ണമായും 84 ജന്മങ്ങൾ എടുത്തത്. സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. പേരും പറയുന്നു – ശ്യാമനും സുന്ദരനും എന്ന്. നിങ്ങൾ കുട്ടികൾക്ക് ഇതിന്റെ അർത്ഥം മനസ്സിലാകുന്നുണ്ട്, എന്നാൽ അവർ അർത്ഥം മനസ്സിലാക്കാത്തത് കൊണ്ട് കറുത്തതായി കാണിച്ചതാണ്. മുഖ്യമായും ശിവലിംഗവും കറുത്തതാക്കി. കൃഷ്ണനേയും രാമനേയും കറുത്തതായി കാണിച്ചിട്ടുണ്ട്. ഒരു ഭാഗത്ത് വെളുത്തതാണ് പിന്നെ മറ്റൊരു ഭാഗത്ത് കറുത്തതായി കാണിച്ചത്, എന്തുകൊണ്ട്? ജഗന്നാഥ ക്ഷേത്രത്തിൽ കാണിച്ചിരിക്കുന്നത് ആഫ്രിക്കക്കാരുടെ മുഖം പോലെയാണ്. ചിലയിടങ്ങളിൽ നാരായണനേയും കറുത്തതായി കാണിച്ചിട്ടുണ്ട്. ചിലയിടങ്ങളിൽ ലക്ഷ്മിയേയും കാണിക്കുന്നുണ്ട്. ഇപ്പോൾ അത്ഭുതം തോന്നുന്നുണ്ടാകും – മനുഷ്യരുടെ ബുദ്ധി എങ്ങനെ ആയി തീർന്നിരിക്കുന്നു. ബാബ തന്നെയാണ് സത്യമായ നിർദേശം നൽകുകയാണ്, താനുമായി കൂടിക്കാഴ്ച നടത്തു

ന്നതിനു വേണ്ടി. ബാക്കി ദാനവും പുണ്യവും യജ്ഞവും തപസ്സുമെല്ലാം ചെയ്യുന്നുണ്ട്, അനാവശ്യമായി പണം പാഴാക്കുകയാണ്. പിന്നെ എന്തിനാണ് പതിത പാവനാ വരൂ എന്ന് പറയുന്നത്. എന്തിനാണ് ഓർമ്മിക്കുന്നത്. ഗംഗയും യമുനയും അതുപോലെയുള്ള നദികളും എത്രയാണ് ഉള്ളത്. ബാബയും ധാരാളം തീർത്ഥാടനങ്ങൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ വളരെ പ്രിയപ്പെട്ട ഭാഗ്യശാലി നക്ഷത്രങ്ങൾ നരകത്തെയും സ്വർഗ്ഗത്തെയും അറിഞ്ഞു കഴിഞ്ഞു. മനുഷ്യൻ മരിച്ചാൽ സ്വർഗ്ഗത്തിലേക്ക് പോയി എന്ന് പറയാറുണ്ട്. അതിനാൽ സ്വർഗ്ഗം എന്താണ് എന്ന് മനസ്സിലാക്കി കൊടുക്കണം. നമ്മൾ മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണല്ലോ  നമ്മൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നത്. നമുക്ക് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയെ ലഭിച്ചു, ബാബ ജ്ഞാനം നൽകുകയാണ്. നമുക്ക് മനുഷ്യ ഗുരുവൊന്നുമില്ല. സദ്ഗുരു ഒരു ബാബയാണ്, ബാബ പതിത പാവനനാണ്. നിരാകാരനെയാണല്ലോ വിളിക്കുന്നത്, ആ ബാബയെയാണ് ജ്ഞാന സാഗരൻ എന്ന് പറയുന്നത്. ബാബ സത്യമാണ് ചൈതന്യമാണ് ആനന്ദ സ്വരൂപമാണ്, ജ്ഞാനത്തിന്റെ സാഗരമാണ്. നമുക്ക് ജ്ഞാനമൊന്നുമില്ല. കാണുന്നുണ്ട്, ബാബയുടെ അടുത്ത് ഉള്ള ജ്ഞാനം വേറെ ആരിലുമില്ല. നിങ്ങൾക്ക് ഗദ്ഗദം ഉണ്ടാകണം. പതിത പാവനനായ ഗോഡ് ഫാദറാണ് പഠിപ്പിക്കുന്നത്. ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ഇതിൽ കോട്ടുവായിടേണ്ട കാര്യമൊന്നുമില്ല. തന്റെ രചനയേയും സംരക്ഷിക്കണം. അഥവാ ഇവിടെ വന്ന് ഇരിക്കുകയാണെങ്കിൽ അത് സന്യാസിമാരുടെ ജ്ഞാനമാകുമല്ലോ. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞു കൊണ്ടും നിങ്ങൾക്ക് ഒരു മണിക്കൂർ, അര മണിക്കൂർ കണ്ടുപിടിക്കണം. ആദ്യം 7 ദിവസത്തെ ഭട്ഠി ചെയ്യണം. 7 ദിവസം ആരുടേയും ഓർമ്മ വരരുത്, ആർക്കും കത്തെഴുതരുത്. തീർത്തും എല്ലാവരേയും മറക്കണം. നിങ്ങൾ ധാരാളം വർഷം ഭട്ഠിയിൽ കഴിഞ്ഞിട്ടുണ്ട്, പിന്നെ ഭാഗ്യം.....ചിലരെ മായ ആകർഷിക്കുന്നുണ്ട്. ഇങ്ങനെ മായ വളരെ ശക്തിശാലിയാണ്.

ബാബ പറയുന്നു കുട്ടികളേ പതുക്കെ പതുക്കെ പരിപക്വ അവസ്ഥയിലേക്ക് വരൂ. നിങ്ങൾക്ക് അറിയാം നിങ്ങളുടെ 84 ജന്മം പൂർത്തിയായി. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ വൃക്ഷവും, എല്ലാ ധർമ്മവും ഉണ്ട്. അവിടെയും വേറെ വേറെ സെക്ഷൻ ഉണ്ട്. ഇവിടേയും അങ്ങനെയാണ്, അവിടേയും അങ്ങനെയാണ്. ബാക്കി മോക്ഷം ആർക്കും ലഭിക്കുകയില്ല. ആത്മാവ് പരമാത്മാവിലേക്ക് കുമിളയെ പോലെ ലയിക്കുകയില്ല. പിന്നീട് മുഴുവൻ പാർട്ട് തന്നെ ഇല്ലാതാകും. എല്ലാവരും ജ്യോതി ജ്യോതിയിൽ ലയിച്ചാൽ കളിയേ നടക്കുകയില്ല, ഇതെല്ലാം അസത്യമാണ്. തികച്ചും അസത്യം, സത്യത്തിന്റെ തരി പോലും ഇല്ല. ഭക്തിയിൽ മുഖം മധുരിക്കുകയൊന്നും ചെയ്യില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ആരാണ് മുഖത്തെ മധുരിപ്പിക്കുന്നത് എന്ന്. അതിനാൽ ബാബയുടെ പഠിപ്പിൽ പൂർണ്ണ ശ്രദ്ധ കൊടുക്കണം. പഴയ ലോകത്തെ കണ്ട് ആസക്തരാകുന്നത്. ദേഹാഭിമാനത്തിലേക്ക് വരരുത്. ഇപ്പോൾ തന്റെ സാധന സാമഗ്രികൾ തയ്യാറാക്കി ട്രാൻസ്ഫർ ആകണം. ഇപ്പോൾ ഈ ലോകം ഇല്ലാതാകും. ബാബ പറയുകയാണ് എല്ലാം ഇൻഷ്വർ ചെയ്യൂ. ഭക്തി മാർഗ്ഗത്തിൽ ചെയ്യുമ്പോൾ അല്പകാലത്തിലേക്കുള്ള ഫലമാണ് ലഭിക്കുന്നത്. ഈശ്വരൻ നൽകി എന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങളും നൽകുന്നു, ബാബ പിന്നീട് റിട്ടേണായി നൽകുന്നു. നേരിട്ട് നൽകുന്നത് കാരണം നിങ്ങൾക്ക് 21 ജന്മങ്ങളിലേക്ക് ഇൻഷ്വറൻസ് ലഭിക്കുന്നു. ബാബ പറയുന്നു നോക്കൂ മുഴുവൻ ഇൻഷ്വറൻസ് ചെയ്യുകയാണെങ്കിൽ മുഴുവൻ രാജ്യാധികാരം ലഭിക്കും. അത് ഭൗതിക ഇൻഷ്വറൻസാണ്. ഇത് ആത്മീയ ബാബയോടൊപ്പമുള്ളതാണ്. ഈശ്വരാർത്ഥമല്ലേ ദാനം ചെയ്യുന്നത്. അതിനാൽ ഈശ്വരൻ റിട്ടേണായി നൽകുന്നു. ഈശ്വരൻ ഭക്തി മാർഗ്ഗത്തിലും ദാതാവാണ്, ജ്ഞാന മാർഗ്ഗത്തിലും ദാതാവാണ്. ഇത് പരിധിയില്ലാത്ത പഠിപ്പാണ്, പരിധിയില്ലാത്ത ചക്രവർത്തി പദവിക്കു വേണ്ടിയാണ് നൽകിയത്. എത്രത്തോളം വേണോ അത്രത്തോളം എടുത്തോളൂ. വിശ്വത്തിന്റെ രാജ്യാധികാരം എടുക്കാൻ സാധിക്കും. പുരുഷാർത്ഥി ജയിക്കും. പരിശ്രമം ചെയ്യൂ – വിജയ മാലയിൽ കോർക്കപ്പെടൂ. സംശയിക്കുന്നുണ്ടെങ്കിൽ വഴി പറഞ്ഞു തരുന്ന സർജൻ ഉണ്ട്. നിങ്ങൾക്ക് അറിയാം നമ്മൾ അനേക പ്രാവശ്യം ചക്രവർത്തി പദവി എടുക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴാണ് ഈ ജ്ഞാനം ഉള്ളത്, പിന്നീട് ഇത് സത്യയുഗത്തിൽ മറക്കും. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) പഴയ ലോകത്തെ കണ്ട് ആസക്തരാകരുത്. തന്റെ സാധന സാമഗ്രികൾ ട്രാൻസ്ഫർ ചെയ്യണം, തന്റേതെല്ലാം ഇൻഷ്വർ ചെയ്യണം.

2) ഒരു വസ്തുവിലും മമത്വം ഇല്ലെങ്കിൽ കക്കയിൽ നിന്നും വജ്രം പോലെ ആകാനുള്ള സേവനം ചെയ്യണം. ദാനം ചെയ്യുന്നതിലൂടെ ജ്ഞാന ധനം വർദ്ധിക്കും.

## വരദാനം:- നിമിത്തമാണ് എന്ന സ്മൃതിയിലൂടെ ഓരോ പരീക്ഷകളിലും പാസ്സാകുന്ന എവർറെഡി, നഷ്ടോമോഹയായി ഭവിക്കട്ടെ.

എവർറെഡി എന്നതിന്റെ അർത്ഥം തന്നെ ഇതാണ്-നഷ്ടോമോഹാ, സ്മൃതി സ്വരൂപം. ആ സമയത്ത് യാതൊരു ബന്ധുക്കളെയോ വസ്തുക്കളെയോ ഓർമ്മ വരരുത്. ആരോടും തന്നെ മമത്വം പാടില്ല, സർവ്വരുമായും നിർമ്മോഹി ഒപ്പം എല്ലാവരുടെയും സ്നേഹി. ഇതിനുള്ള സഹജ പുരുഷാർത്ഥമാണ് നിമിത്ത ഭാവം. നിമിത്തമാണെന്ന് മനസ്സിലാക്കുന്നതിലൂടെ "നിമിത്തമാക്കി മാറ്റുന്നവനെ" ഓർമ്മ വരും. എന്റെ പരിവാരമാണ്, എന്റെ ജോലിയാണ്-ഇങ്ങനെയല്ല. ഞാൻ നിമിത്തമാണ്. ഈ നിമിത്തമാണ് എന്ന സ്മൃതിയിലൂടെ ഓരോ പരീക്ഷയിലും പാസ്സാകും.

## സ്ലോഗൻ:- ബ്രഹ്മാബാബയുടെ സംസ്കാരത്തെ തന്റെ സംസ്കാരമാക്കുക തന്നെയാണ് അച്ഛനെ ഫോളോ ചെയ്യുക.